**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 331** **06-08-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽ കാട്ടുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാട്ടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാട്ടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 5 ജില്ലകളിൽ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാട്ടുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാട്ടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ കണ്ടൽ കാട്ടുകൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാട്ടുകൾ ഏറ്റെടുക്കുക വഴി ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാട്ടുകളുടെ ഏകീകരണവും സംരക്ഷണവുമാണ് ലക്ഷ്യമാക്കുന്നത്. ഇപ്രകാരം, ഏതാണ്ട് 12.00 ച.കി.മീ. വരുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ കേരള |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രെജൈൽ ലാൻറ്സ്) ആക്റ്റ് 2003, സെക്ഷൻ 4(1) മുഖേന അർഹമായ നഷ്ട പരിഹാര തുക നൽകി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 23.05.2019-ലെ സ.ഉ (പി) നം. 19/2019/P&EA നമ്പർ ഉത്തരവ് പ്രകാരം കണ്ടൽ കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണത്തിനുമായി 120.00 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 10.00 കോടി രൂപയാണ് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ 51.41 ഹെക്ടർ കണ്ടൽ കാടുകൾ അർഹമായ തുക നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം. 1/2021/വനം തീയതി 01.01.2021 പ്രകാരം തൃശ്ശൂർ, കൊല്ലം ജില്ലകളിലെ കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള അഡ്വൈസറി കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച് ഉടൻ നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എഫ്.എൽ അഡ്വൈസറി സബ്കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ ജില്ലകളിലെ കണ്ടൽഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരം തീരുമാനിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഇതിനായുള്ള ഇ.എഫ്.എൽ അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശകൾക്കനുസരിച്ചുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. മറ്റുള്ള ജില്ലകളിൽ കണ്ടൽ കാടുകളുടെ വിവരശേഖരണം, സർവ്വേ രേഖകളുടെ പരിശോധന തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള കണ്ടൽ വനങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ; | (സി) | റീ ബിൽഡ് കേരള ഡെവലപ്പ്മെൻറ് പ്രോഗ്രാമിന് കീഴിൽ കണ്ടൽക്കാടുകളുടെ ഏറ്റെടുക്കൽ പൂർത്തിയായതിനു ശേഷമേ, മറ്റ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. |
| (ഡി) | കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും പ്രകൃതിപഠന ക്യാംപുകളും നടത്തി വരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ